പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4239

28.06.2012-ലെ
മറുപടിക്ക്.

## നെറ്റ് പാസ്സായ അദ്ധ്യാപകർക്ക് പ്രൊമോഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അദ്ധ്യാപക നിയമനങ്ങളിലെല്ലാം നിശ്ചിത ശതമാനം സീറ്റുകൾ സർവ്വീസ് ക്വാട്ടയായി കണക്കാക്കിയിട്ടുണ്ടോ;<br><br>(ബി) എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കാമോ; | (എ) & (ബി)<br><br>സർക്കാർ സ്കൂളുകളിൽ ടി.ടി.സി. യോഗ്യതയും 5 വർഷം മിനിമം സർവ്വീസും ഉള്ള ക്ലാർക്ക്, ടൈപ്പിസ്റ്റ്, അറ്റന്റർ, പ്യൂൺ എന്നീ വിഭാഗം ജീവനക്കാർക്ക് ആകെ ഒഴിവിന്റെ 5% പി.എസ്.സി. മുഖേന എൽ.പി.എസ്.എ. തസ്തികയിൽ നിയമിക്കുന്നതിനും ടി.ടി.സി./ബി.എഡ്. യോഗ്യതയിൽ 5 വർഷം മിനിമം സർവ്വീസുള്ള മേൽ സൂചിപ്പിച്ച വിഭാഗം ജീവനക്കാരെ തസ്തികമാറ്റം വഴി പി.എസ്.സി. മുഖേന യു.പി.എസ്.എ. തസ്തികയുടെ 5% ഒഴിവിൽ നിയമിക്കുന്നതിനും ഭാഷാദ്ധ്യാപക തസ്തികയുടെ ആകെ ഒഴിവിന്റെ 5% നിശ്ചിത ഭാഷാദ്ധ്യാപക യോഗ്യതയും 5 വർഷം മിനിമം സർവ്വീസും ഉള്ള മേൽ സൂചിപ്പിച്ച വിഭാഗം ജീവനക്കാരെ തസ്തികമാറ്റം വഴി പി.എസ്.സി. മുഖേന നിയമിക്കുന്നതിനും നിലവിൽ വ്യവസ്ഥയുണ്ട്. എന്നാൽ സ്പെഷ്യലിസ്റ്റ്/എച്ച്.എം. (എച്ച്.എസ്) എച്ച്.എം. (പ്രൈമറി) വിഭാഗം അദ്ധ്യാപക തസ്തികകളിൽ സർവ്വീസ് ക്വാട്ട ഇതുവരെ നിശ്ചയിച്ചിട്ടില്ല. ഹയർ സെക്കന്ററി വിഭാഗത്തിലേയ്ക്ക് ഒഴിവുകളുടെ 25% സീനിയോറിറ്റിയുടേയും യോഗ്യതയുടേയും |

അടിസ്ഥാനത്തിൽ എയിഡഡ് സ്കൂളുകളിലേയും ഗവൺമെന്റ് സ്കൂളിലേയും അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകാൻ വ്യവസ്ഥയുണ്ട്. എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമനത്തിന് നിശ്ചിത ശതമാനം സീറ്റുകൾ സർവ്വീസ് ക്വാട്ടയായി കണക്കാക്കിയിട്ടില്ല. ലോവർ കാറ്റഗറിയിൽ നേരിട്ടുള്ള നിയമനവും ഉയർന്ന തസ്തികകളിൽ പ്രൊമോഷനർഹതയുള്ളവർക്കെല്ലാം സീനിയോറിറ്റിയുടേയും യോഗ്യതയുടേയും അടിസ്ഥാനത്തിൽ പ്രൊമോഷൻ നൽകുകയാണ് ചെയ്യുന്നത്.

(സി) നെറ്റ് പാസ്സായ സർവ്വീസിലുള്ള അദ്ധ്യാപകർക്ക് യോഗ്യതയ്ക്കനുസരിച്ച് പ്രൊമോഷൻ നൽകുന്നതിന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ; ഇവരുടെ യോഗ്യതയ്ക്കനുസരിച്ച് എവിടെയാണ് പ്രൊമോഷൻ നിയമനം നൽകേണ്ടത്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഇല്ല

(ഡി) നെറ്റ് പാസ്സായി സർവ്വീസിലുള്ളവർക്ക് പ്രൊമോഷൻ നൽകുന്നതിന് വ്യവസ്ഥയില്ലെങ്കിൽ ആയത് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ